

# എൻ. എസ്. എസ്.

# യു.പി. സ്കൂൾ

# തമ്പലക്കാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷൻ 2025**

# ഉള്ളടക്കം


ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ലഘുചരിത്രം

വിദ്യാലയം മികവിന്റെ കേന്ദ്രം  കാഴ്ചപ്പാട്

പദ്ധതി രൂപീകരണ പ്രക്രിയ  വിവിധ ഘട്ടങ്ങൾ

പ്രതിസന്ധികൾ, പരിമിതികൾ

മികവിനായി ഏറ്റെടുക്കേണ്ടപ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

പദ്ധതി വിശദാംശങ്ങൾ

മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല,, സാമ്പത്തിക വിശകലനം)

പ്രതീക്ഷിത നേട്ടങ്ങൾ

0. മോണിട്ടറിംഗ്

1. ഉപസംഹാരം


# അനുബന്ധം


1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവവൈവിധ്യ പാർക്ക് രൂപരേഖ
2. മികവുകൾ, നേട്ടങ്ങൾ(നടപ്പുവർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം  മുൻവർഷങ്ങളിൽ
4. എസ്. എസ്. എ./ ആർ. എം. എസ്. എ പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ
5. നിലവിലുള്ള കമ്മിറ്റികൾ അംഗങ്ങളുടെ പട്ടിക

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എൻ. എസ്. എസ്. യു.പി.സ്കൂൾ തമ്പലക്കാട് |
| വിലാസം | : | തമ്പലക്കാട് പി. ഒ, പൊൻകുന്നം, പിൻ: 686506 |
| സ്കൂൾ കോഡ് | : | 32366 |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| വിദ്യാഭ്യാസ ഉപ ജില്ല | : | കാഞ്ഞിരപ്പള്ളി |
| റവന്യൂ ജില്ല | : | കോട്ടയം |
| ബി. ആർ. സി. | : | കാഞ്ഞിരപ്പള്ളി |
| സി. ആർ.സി | : | കാഞ്ഞിരപ്പള്ളി |
| ഗ്രാമ പഞ്ചായത്ത് | : | കാഞ്ഞിരപ്പള്ളി (22 ാം വാർഡ്) |
| ബ്ളോക്ക് പഞ്ചായത്ത് | : | കാഞ്ഞിരപ്പള്ളി |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമ സഭാ മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| ലോക സഭാമണ്ഡലം | : | പത്തനംതിട്ട |
| താലൂക്ക് | : | കാഞ്ഞിരപ്പള്ളി |
| വില്ലേജ് | : | കാഞ്ഞിരപ്പള്ളി |
| ഇ. മെയിൽ | : | nsstpkd@gmail.com |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തിച്ചേരുന്ന എല്ലാകുട്ടികളും അതതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളുടെ സർഗപരവും കലാകായികപരവുമായ ശേഷികൾ പരമാവധി പ്രോത്സാഹിപ്പിക്കുക.
3. കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള കഴിവുണ്ടാക്കുക.
4. ജൈവവൈവിധ്യ പാർക്ക്, ശലഭോദ്യാനം ഇവയുടെ നിർമ്മാണം.
5. PTA ശാക്തീകരണം
6. ദിനാചരണങ്ങളുടെ പ്രാധാന്യം ഉറപ്പാക്കൽ
7. വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ബോധന പരിപാടികൾ ആസൂത്രണം ചെയ്യുക.
8. ശില്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ ഇവ സംഘടിപ്പിക്കുക.
9. പ്രാദേശിക കർഷകരെ സ്കൂളുമാരി ബന്ധിപ്പിച്ച് കുട്ടികൾക്ക് ക്ലാസ്സുകൾ നൽകുക.
10. പൊതു ആഘോഷങ്ങളുടെ ഭാഗമായി സ്കൂൾ തലത്തിൽ വിപുലമായ പങ്കാളിത്തത്തോടെ ഭക്ഷണ വിതരണം നടത്തുവാൻ ആവശ്യമായ ആളുകളും സന്നാഹങ്ങളും ഒരുക്കുക.
11. വ്യക്തിഗതമായ ആഘോഷങ്ങളെ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധിപ്പിക്കുക.

12. ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിഗണിച്ചു കൊണ്ടുള്ള അക്കാദമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

13. പ്ലാസ്റ്റിക് വിമുക്ത ക്യാംപസ് ഉറപ്പാക്കുക.

14. ഓരോരോ കുട്ടികളും അവരുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിൽ എങ്കിലും സ്വായത്തമാക്കുക.

15. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുക.

16. പുകയില വിരുദ്ധ ക്യാംപസ്.

# വിദ്യാലയ ചരിത്രം

## തമ്പലക്കാടിന്റെ അക്ഷരദീപം

1950 കളിൽ തമ്പലക്കാട് തീർത്തും അവികസിതമായിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ തുലോം കുറവായിരുന്നു. നമ്മുടെ നാട്ടിൽ എല്ലാ വിഭങ്ങസങ്ങൾക്കും വിദ്യാഭ്യാസ സൗകര്യം സ്വപ്നം കണ്ട് നമ്മുടെ നാട്ടിലെ നിസ്വാർത്ഥരും സാമൂഹ്യ സ്നേഹികളുമായ ഒരു പറ്റം നല്ലആളുകളുടെ അർപ്പണബോധത്തിന്റെയും ആത്മാർത്ഥമായ സമർപ്പണത്തിന്റെയും സംഘടിത രൂപമാണ് 1950 ൽ പ്രവർത്തനം ആരംഭിച്ച തമ്പലക്കാട് NSS UP School.

എൽ. പി. സ്കൂളായി പ്രവർത്തനം ആരംഭിച്ച് 3 ാം വർഷം തന്നെ യു. പി. സ്കൂൾ നിലവാരത്തിലേക്ക് ഉയർത്തുന്നതിനു സാധിച്ചു. ആരംഭകാലത്ത് നമ്മുടെ നാട്ടിലെ മുഴുവൻ ആളുകൾക്കും അക്ഷര വെളിച്ചം പകർന്നു നൽകാൻ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ചിന്തിച്ചാൽ നമ്മുടെ നാട്ടിലെ 3 തലമുറ ഈ സ്കൂളിലെ അക്ഷര വെളിച്ചം സ്വീകരിച്ചവരാണ്. ഇവിടെ നിന്ന് പഠിച്ചിറങ്ങിയ ധാരാളം വിദ്യാർത്ഥികൾ നാടിന്റെ യശസ്സ് വിദൂര ദേശങ്ങളിൽ പോലും എത്തിച്ചിട്ടുണ്ട്. ഇവർ നമ്മുടെ നാടിന്റെ അഭിമാനങ്ങളാണ്. 1980- 90 വർഷങ്ങളിൽ തുടർച്ചയായി സബ് ജില്ലാ കായിക മത്സരങ്ങളിൽ വിജയിച്ചിരുന്നത് തമ്പലക്കാട് NSS UP School ലെ കുട്ടികളാണ്. തുടർച്ചയായി ഓവറോൾ കിരീടം നേടിയിരുന്നതും ഈ സ്കൂൾ തന്നെ. നമ്മുടെ സ്കൂൾ വാർഷികങ്ങൾ ജനകീയ പങ്കാളിത്തം കൊണ്ട് നാട്ടിൽ ഉത്സവപ്രതീതി സൃഷ്ടിച്ചിരുന്നു.

ആധുനിക വിദ്യാഭ്യാസത്തിന്റെ കടന്നുവരവ് നമ്മുടെ നാട്ടിലും പ്രകടമായ മാറ്റങ്ങൾക്കു വിധേയമായി. ആ കുത്തൊഴുക്കിലും നമ്മുടെ സ്കൂൾ പിടിച്ചുനിന്നു. ഇവിടെ നാന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾ ഉപരിപഠനത്തിനു പോകുമ്പോൾ നമ്മുടെ സ്കൂളിന്റെ സൽപ്പേര് നിലനിർത്തുന്നത്

## വിദ്യാലയം മികവിന്റെ കേന്ദ്രം  കാഴ്ച്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധീയൻ കാഴ്ച്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്'. എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
3. ശുചിത്വം, ദീനാനുകമ്പ, തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
4. പാർശ്വ വൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
5. ലോകത്തെവിടയെും സമാന പ്രായമുള്ളകുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്നുറപ്പാക്കൽ
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കിത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

**സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ**

1. ക്ലാസ്സ് മുറികൾക്ക് വിഭജനമറ ഇല്ലാത്തത്
2. ലൈബ്രറി, ശാസ്ത്ര ലാബ്, ഗണിത ലാബ്, ലാംഗ്വേജ് ലാബ് ഇവ സജ്ജീകരിക്കുന്നതിന് പ്രത്യേകം മുറികൾ ഇല്ലാത്തത്
3. മാലിന്യസംസ്കരണ സംവിധാനത്തിന്റെ കുറവ്
4. കളിസ്ഥലത്തിന്റെ പരിമിതി
5. ആകർഷകമായ സ്കൂൾ കെട്ടിടത്തിന്റെ അപര്യാപ്തത
6. ഫർണീച്ചറിന്റെ കുറവ്.
7. പാചകപ്പുര, സ്റ്റോർ, ഡൈനിംഗ് റൂം തുടങ്ങിയ സംവിധാനങ്ങളുടെ കുറവ്

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ, പടിപ്പുര | PTA ശാക്തീകരണം |
| ഗണിത ശേഷി വികസനം | കളിസ്ഥലം, | പൂർവ്വ വിദ്യാർത്ഥി സംഘടനാ |
| ഇംഗ്ലീഷ് ഭാഷാ | പാചകപ്പുര | പ്രവർത്തനം |
| പരിപോഷണം | ഡൈനിംഗ് ഹാൾ | SSG |
| ഹിന്ദി ഭാഷാ പ്രയോഗം | ബയോഗ്യാസ് പ്ലാന്റ് | ഗ്രന്ഥശാല, ക്ലബുകൾ |
| ശാസ്ത്ര പരിപോഷണം | ക്ലാസ്സ്മുറികൾ | വിവിധ സാമൂഹ്യ സംഘടനക |
| വായനാ പരിപോഷണം | ഓഫീസ് മുറി | ഇവയുമായുള്ളബന്ധം |
| ലൈബ്രറി ശാക്തീകരണം | സ്റ്റാഫ് റൂം | പൂർവ്വ അധ്യാപകർ |
| ലബോറട്ടറി ശാക്തീകരണം | കമ്പ്യൂട്ടർ റൂം | വിദ്യാഭ്യാസ പ്രവർത്തകർ |
| ജൈവ വൈവിധ്യ പാർക്ക് | സ്മാർട്ട് ക്ലാസ്സ് റൂം | സഹകരണ സ്ഥാപനങ്ങൾ |
| ശലഭോദ്യാനം | അസ്സംബ്ലി ഹാൾ | ബാങ്കുകൾ എന്നിവയുടെ |
| പഠനയാത്രകൾ | ലൈബ്രറി റൂം | സേവനം |
| പ്രൊജക്റ്റുകൾ | കുടിവെള്ളവിതരണം | പ്രയോജനപ്പെടുത്തൽ |
| സെമിനാറുകൾ | മാലിന്യ സംസ്കരണം | ക്ലാസ്സ് PTA |
| കലാകായിക മേള | ടോയ്‌ലറ്റ് | ക്രിയാത്മകമാക്കൽ |
| IT പരിശീലനം | ലബോറട്ടറി | വിദ്യാലയ മികവുകൾ |
| അധ്യാപക ശാക്തീകരണ | ജന്മദിനത്തിന് | പൊതുസമൂഹവുമായി |
| പരിപാടി | സ്കൂളിനൊരു പുസ്തകം | പങ്കുവയ്ക്കൽ |
| സ്കൂൾ പത്രം | സ്കൂളിലും വീട്ടിലും | വിദ്യാലയ വിഭവങ്ങൾ |
| ക്ലാസ്സ് PTA | കൃഷിത്തോട്ടം | സമൂഹത്തിന കൂടി |
| രചനാ ശില്പശാലകൾ | ഗണിതോത്സവം | പ്രയോജനപ്പെടുത്തൽ |
| ഗണിത ലാബ് | | ഭവന സന്ദർശനം |
| ബാല | | പ്രാദേശിക PTA |
| ബ്ലോഗ് | | അമ്മ വായന |
| നിരന്തര വിലയിരുത്തൽ/ | | വായനക്കൂട്ടം |
| ടേം മൂല്യ നിർണ്ണയം | | |
| ഒറിഗാമി ശില്പശാല | | |
| ദിനാചരണങ്ങൾ | | |
| കലാപഠനം | | |
| കായിക പഠനം | | |
| പ്രവർത്തി പരിചയം | | |
| ടാലന്റ് ലാബ് | | |

# പദ്ധതി വിശദാംശങ്ങൾ LP വിഭാഗം

**പ്രവർത്തനം : 1**

**മേഖല : മലയാളം**

**പേര് : മലയാളത്തിളക്കം**

**ഉപമേഖല: അക്ഷരം ഉറപ്പിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡു നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>പദനിർമ്മാണം<br>വാക്യ നിർമ്മാണം<br>ചിത്രത്തിന് അടിക്കുറിപ്പ്<br>ചിത്രത്തിൽ നിന്ന് കഥയെഴുതൽ<br>കഥാ പൂരണം<br>കഥാപുസ്തകം നൽകൽ<br>ഭാഷാപഠന സഹായി'ഇതളുകൾ'<br>(സ്കൂൾ തലത്തിൽ തയാറാക്കിയത്)<br>പ്രയോജനപ്പെടുത്തി ലേഖന<br>പ്രവർത്തനങ്ങൾ നൽകൽ | ജൂൺ<br>ജൂൺ - മാർച്ച് | ഭാഷാധ്യാപകർ<br>SRG | 1000<br>BRC |

**പ്രവർത്തനം 2**

**പേര്: വായനാജാലകം**

**ഉപമേഖല: ഭാഷാപരമായ ശേഷി വികസിപ്പിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാജാലകം<br>കുട്ടിയെ മികച്ച വായനക്കാരാക്കുക | ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>വായനാമൂല, ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥശാലാ സന്ദർശനവും അംഗത്വവും, സമീപത്തുള്ള സ്കൂളുകളേയും കൂടി ഉൾപ്പെടുത്തി വായനോത്സവം<br>പത്ര വായന, പുസ്തക വായന ചർച്ച, അമ്മവായന<br>വായനാനുഭവം പങ്കു വയ്ക്കൽ<br>വായനാക്കുറിപ്പ് അവതരണം<br>ബാലസഭയിൽ വായന<br>വായനാ മത്സരം, 'ഇതളുകൾ' പ്രയോജനപ്പെടുത്തി ഇ വായന<br>വായനാ സാമഗ്രികളുടെ നിർമ്മാണം (കുട്ടികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ) | 10 മാസം | ക്ലാസ്സ് ടീച്ചർ<br>മാതൃഭാഷാക്ലബ്ബ്<br>ലൈബ്രേറിയൻ | 25000/-<br>പൂർവ്വവിദ്യാർത്ഥികൾ<br>SSG |

## പ്രവർത്തനം 3

## പേര്:താളിയോല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| താളിയോല<br><br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തു കൂട്ട രൂപീകരണം<br>ക്ലാസ്സ് ലൈബ്രറി<br>പുസ്തക ചർച്ച<br>വായനാക്കുറിപ്പ്, പതിപ്പ്<br>സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>പതിപ്പ് തയാറാക്കൽ<br>ചുമർ പത്രിക<br>ആശംസാ കാർഡുകൾ തയാറാക്കൽ<br>കത്തെഴുതൽ<br>കൈയെഴുപ്പു മാസിക തയാറാക്കൽ<br>ഭാഷാ പ്രോജക്റ്റ്<br>സാഹിത്യകാരൻമാരുമായി അഭിമുഖം<br>സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി<br>പോസ്റ്റർ നിർമ്മാണം<br>നോട്ടീസ് തയാറാക്കൽ<br>സർഗോത്സവം<br>രചനാശില്പശാല | 1 വർഷം<br><br>ഫെബ്രുവരി | | |

## പ്രവർത്തനം 4

## പേര് : സർഗവേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗവേള<br><br>സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം എഴുതൽ | കവിയരങ്ങ്/ കഥയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ<br>രൂപപ്പെടുന്ന ഉൽപന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ<br>ക്ലാസ്സ്മുറിയിലെ പഠനസാമഗ്രിയായി ഈ ഉൽപന്നങ്ങളെ ഉപയോഗിക്കൽ | ഒരു മാസത്തിൽ 2 പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- Sponsorship |
| രചനകൾ നവ മാാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ചരചനകൾ സ്കൂൾ ബ്ലോഗിലും വാട്സാപ്പിലും ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം | |

## പ്രവർത്തനം 5

## പേര് : പാവനാടക പരിശീലന ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാവനാടക പരിശീലന ശില്പശാല കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരിക്കൽ | SSG | |
| വിദ്യാവാണി സ്കൂൾ റേഡിയോ<br>അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സുകളിലും ക്രമികരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവു സമയത്തേക്ക് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം ഔദ്യോഗിക അറിയിപ്പു നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | SRG | പൂർവ്വവിദ്യാർത്ഥികൾ |
| തമ്പലം വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ദൃശ്യാവിഷ്കാരം | ഓരോ വിദ്യാലയത്തിനും അതു സ്ഥിതി ചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രത്തിന്റെ ദൃശ്യാവിഷ്കാരം 'തമ്പലം' എന്ന പേരിൽ സി.ഡി. ആക്കുന്നു. | 6 മാസം | SSG Management | |

## പ്രവർത്തനം 6

## പേര്: ദിനാചരണങ്ങൾ

## ഉപമേഖല: വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാചരണങ്ങൾ<br><br>വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ചു വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുന്ന നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |
| വർക്ക് ഷീറ്റ് നിർമ്മാണം ബാല സാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ് തയാറാക്കൽ | മാസത്തിൽ 2 പ്രാവശ്യം | SRG | |

# UP വിഭാഗം

**പ്രവർത്തനം 1**

**പേര്: രചനാശില്പശാല**

**ഉപമേഖല: മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ എർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/ കവിയരങ്ങ്/ രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ<br>രൂപപ്പെടുന്ന ഉൽപന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ<br>ക്ലാസ്സ്മുറിയിലെ പഠനസാമഗ്രിയായി ഈ ഉൽപന്നങ്ങളെ ഉപയോഗിക്കൽ | ഒരു ടേമിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | PTA |

**പ്രവർത്തനം 2**

**പേര്: ബ്ലോഗ് നിറയ്ക്കൽ**

**ഉപമേഖല: ഭാഷാ ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം കലാസാഹിത്യ വേദി | |

**പ്രവർത്തനം 3**

**പേര്: സർഗ സല്ലാപം**

**മേഖല: മലയാളം**

**ഉപമേഖല: ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളുടെ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കുക, അവരുടെ വായന/എഴുത്തനുഭവങ്ങൾ കുട്ടികളുമായി പങ്കു വയ്ക്കൽ | വർഷത്തിലൊരിക്കൽ | HM & PTA | |

## പ്രവർത്തനം 4

## പേര്: ഗ്രന്ഥശാലാ ശാക്തീകരണം

## ഉപമേഖല: ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സർശനത്തിലൂടെ കണ്ടെത്തൽ: പുസ്തകങ്ങൾ വർഗികരിച്ച് ക്രമികരിക്കൽ കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രിയമാക്കൽ | വർഷത്തിൽ 2 പ്രവശ്യം | HM ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപകൻ | PTA |

## പ്രവർത്തനം 5

## പേര്: നാടകക്കളരി

## ഉപമേഖല: ഭാഷാ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുഥകൾ എന്നിവയുടെ നാടകാവിഷ്ക്കാരണം | ഒരു ടേമിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | |

**പ്രവർത്തനം : 6**

**പേര് : കുട്ടിസ് റേഡിയോ (വിദ്യാവാണി)**

**ഉപമേഖല : ഭാഷയുടെ പ്രകടന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സുകളിലും ക്രമികരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവു സമയത്തേക്ക് റേഡിയോ പ്രക്ഷേപണം<br>കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം ഔദ്യോഗിക അറിയിപ്പു നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | SRG | വിവിധ സംഘടനകൾ |

**പ്രവർത്തനം : 7**

**പേര് : ദിനാചരണങ്ങൾ**

**ഉപമേഖല : സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## പ്രവർത്തനം : 1
## പേര് : ഇംഗ്ലീഷ് അസ്സംബ്ലി
## ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദ മായി വായിക്കാ നും എഴുതാനും സംസാരിക്കാനുമു ള്ള ശേഷി വികസി പ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസ്സംബ്ലിയുടെ മുഴുവൻ കാര്യങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ക്ലാസ്സുകളിൽ പരസ്പരം ഇംഗ്ലീഷ് സംസാരിക്കുക. അധ്യാപകർ കുട്ടികളോടും ഇംഗ്ലീഷിൽ സംസാരിക്കുക. ചുമതലകൾ ആഴ്ച തോറും ഓരോ ക്ലാസ്സുകൾക്ക് വീതിച്ചു നൽകുക. ക്ലാസ്സ് പത്രം ഇംഗ്ലീഷിൽ പുറത്തിറക്കുക. | ആഴ്ച യിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| ഇംഗ്ലീഷിൽ ആത്മവിശ്വാസ ത്തോടെ ആശയ വിനിമയം നടത്തു ന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | ഇംഗ്ലീഷ് ക്ലാസ്സുകളിൽ നിർബന്ധമായും അധ്യാപകരും കുട്ടികളും ഇംഗ്ലീഷിൽ തന്നെ സംസാരിക്കുക. ചെറിയ ക്ലാസ്സുകളിൽ കുട്ടികൾക്ക് അക്ഷരവും വാക്കും ഉറപ്പിക്കുന്ന കളികൾക്ക് മുൻഗണന നൽകുക. Small rhymes, Storytelling, Cartoon films, Role play തുടങ്ങിയവയുടെ സ്വതന്ത്രാവിഷ്കാരം. | ജൂൺ മുതൽ മാർച്ചു വരെ | ഇംഗ്ലീഷ് അധ്യാപിക | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാര ങ്ങൾക്ക് അവസര മൊരുക്കുക. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സംഭാഷണങ്ങൾ, കഥകൾ, മറ്റു പ്രവർത്തനങ്ങൾ ഇവയെല്ലാം ഇംഗ്ലീഷ് ക്ലബ്ബിൽ അവതരിപ്പിക്കാനുള്ള അവസരമൊരുക്കുക. പ്രധാനപ്പെട്ട മീറ്റിംഗുകളിലും ദിനാചരണങ്ങളിലും കുട്ടികളുടെ സൃഷ്ടികളുടെ ആവിഷ്കാരത്തിന് അവസരമൊരുക്കുക. | മാസത്തി ൽ ഒന്നു രണ്ടു തവണ | SRG | SRG |
| സ്വതന്ത്ര വായനക്ക് സജ്ജരാക്കുക | ദിവസവും അസ്സംബ്ലിയിൽ ഇംഗ്ലീഷ് പത്രം വായിക്കുക. ക്ലാസ്സ് മുറിയിൽ സ്വതന്ത്ര വായനക്കായി ചെറിയ കഥാ പുസ്തകങ്ങൾ, നാടകങ്ങൾ, കാർട്ടൂണുകൾ എന്നിവ വായനാമൂലയിൽ ഒരുക്കുക. ഇംഗ്ലീഷിലുള്ള കടങ്കഥകൾ പരസ്പരം കാണിച്ച് ഉത്തരം കണ്ടെത്തുകയും കൂടുതൽ പോയിന്റ് കിട്ടുന്നവർക്ക് സമ്മാനം നൽകുകയും ചെയ്യുക | തുടർ പ്രവർ ത്തനം (ജൂൺ മുതൽ) | ഇംഗ്ലീഷ് ടീച്ചർ | SRG |

## പ്രവർത്തനം : 2

## പേര് : ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടാൻ | എല്ലാ ദിവസവും കുട്ടികളുടെ ജീവിതത്തിൽ നടക്കുന്ന സംഭവങ്ങൾ പ്രത്യേകിച്ച് സ്കൂളിലും വീട്ടിലും നടക്കുന്നത് ഡയറിക്കുറിപ്പുകളായി എഴുതുക. ഇംഗ്ലീഷിൽ എഴുതാൻ പോത്സാഹിപ്പിക്കുക. ആത്മ കഥാപരമായി എഴുതുക. കഥയെഴുതൽ, കഥ പൂർത്തിയാക്കൽ, നാടകീകരണം തുടങ്ങിയവയിലൂടെ എഴുത്തിലേക്കെത്തിക്കുക. | ആഴ്ചയിൽ എല്ലാ ദിവസവും | ഇംഗ്ലീഷ് ടീച്ചർ | |
| സ്വതന്ത്രമായി എഴുത്തിന് സജ്ജരാക്കുക | എഴുത്തെഴുതാൻ(പലതരം) കുട്ടികൾക്ക് അവസരമൊരുക്കുക. വാർത്തകൾ സംഘടിപ്പിക്കുകയും വാർത്താ പത്രിക തയാറാക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് PTA | SRG |

## പ്രവർത്തനം 3

## പേര്: ഇംഗ്ലീഷ് ബുള്ളറ്റിൻ

## ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയിറിക്കൽ. ക്ലാസ്സിൽ അത് അവതരിപ്പിക്കുകയും ചെയ്യുക. മേളകളിൽ പങ്കെടുപ്പിക്കൽ. കുട്ടികളുടെ രചനാ മത്സരങ്ങൾ സംഘടിപ്പിച്ച് മികച്ച രചനകൾ ചേർത്ത് ഒരു കൈയെഴുത്തു പ്രതി തയാറാക്കുക. മാഗസിൻ രൂപീകരിക്കുക. മറ്റുള്ളവരുടെ നല്ലനല്ല രചനകൾ വായിക്കാനും അതുൾക്കൊണ്ട് സ്വയം രചനകൾ നിർവ്വഹിക്കാനുമുള്ളശേഷി വികസിപ്പിക്കുക. റേഡിയോ, ടി.വി., ഇന്റർനെറ്റ് എന്നിവയിലെ ഇംഗ്ലീഷ് പരിപാടികൾ ആസ്വദിക്കാനും അറിയാനുമുള്ള അവസരം | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ്, ഇംഗ്ലീഷ് ടീച്ചർ | SRG PTA |

## പ്രവർത്തനം : 4

## പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English Pen Friends)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടാൻ | സ്കൂളിലെ ഒരു മാസത്തെ പ്രവർത്തനങ്ങൾ (നേട്ടങ്ങളും കോട്ടങ്ങളും) സംബന്ധിച്ച് തന്റെ സുഹൃത്തിന് ഇംഗ്ലീഷിൽ കത്തെഴുതുക. കൂടാതെ അധ്യാപികയെ വിലയിരുത്തുന്നതിനും പാഠഭാഗത്തുള്ള സംശയങ്ങൾ തീർക്കുന്നതിനുമായി Class corner ൽ വെച്ചിരിക്കുന്ന Letter box ൽ ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷിൽ കത്തെഴുതി ഇടുക. അധ്യാപകർ അതു വായിച്ച് മറുപടി അതേ ബോക്സിൽ നിക്ഷേപിക്കുക. Simple English ഉപയോഗിക്കാൻ കുട്ടികളെ എപ്പോഴും പ്രോത്സാഹിപ്പിക്കുക. | ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ്, ഇംഗ്ലീഷ് ടീച്ചർ | |

## പ്രവർത്തനം 5

## പേര് : ഇംഗ്ലീഷ് ചാറ്റിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ICT പ്രയോജനപ്പെടുത്തുക. ഇംഗ്ലീഷ് സിനിമകൾ, ഇംഗ്ലീഷ് പ്രോഗ്രാമുകൾ, കാർട്ടൂൺ സിനിമകൾ, നാഷണൽ ജ്യോഗ്രാഫിക് പോലെയുള്ള ചാനലുകൾ മുഖേനയോ ICT സാധ്യത ഉപയോഗിച്ചോ കാണിക്കുക. അതിലെ ഉള്ളടക്കം/ Personal Experiencee സുഹൃത്തുക്കളുമായി ചാറ്റിംഗിലൂടെ പരസ്പരം കൈമാറുക. Skype ഉപയോഗം കുട്ടികൾക്ക് പരിചിതമാക്കുക. Social medias ൽ ഇംഗ്ലീഷിൽ ചാറ്റിംഗ് നടത്തുക | ടേമിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ്, SRG | SRG PTA |

**പ്രവർത്തനം : 1**

**പേര് : ഗണിത ശില്പശാല**

**ഉപമേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത സൗന്ദര്യം ആസ്വദിക്കുക, ഗണിത കഥകളിലൂടെയും പാട്ടുകളിലൂടെയും ആശയങ്ങൾ താൽപര്യത്തോടെ മനസ്സിലാക്കുക, നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക, ഗണിതത്തിന്റെ നാട്ടറിവുകൾ പ്രയോജനപ്പെടുത്തുക, നിത്യ ജീവിതത്തിൽ ഗണിതപഠനം പ്രയോജനപ്പെടുത്തുക. | ഗണിത കഥ, പാട്ട്, ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണപ്രവർത്തനങ്ങൾ നൽകൽ, കണക്കിലെ കളികൾ, വ്യത്യസ്ത അളവുകൾ പരിചയപ്പെടൽ, പഠനോപകരണ നിർമ്മാണം, ഭാരം, നീളം, ഉള്ളളവ് എന്നിവ കൃത്യതപ്പെടുത്തി ഏകകങ്ങൾ പരിചയപ്പെടൽ, ചിത്ര പാറ്റേണുകൾ, ടാൻഗ്രാം എന്നിവയിലൂടെ ജ്യാമിതീയ ലോകത്തെത്തിക്കൽ | ആണ്ടിൽ 2 ദിവസം | SRG ഗണിതാധ്യാപകർ | 1000/- |

**പ്രവർത്തനം : 2**

**പേര് : ഗണിത മാഗസിൻ**

**ഉപമേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ ഗണിതത്തിന്റെ വിവിധ മേഖലയിൽക്കൂടി കടന്നുപോകുന്നു, പരിചയപ്പെടുന്നു. ഗണിതത്തിന്റെ ചരിത്രം, ഗണിതശാസ്ത്ര ജ്ഞർ തുടങ്ങിയ കാര്യങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നു | ഗണിത മാഗസിൻ കുട്ടികൾ നിർമ്മിക്കുന്നു. മാഗസിനിലേക്ക് ആവശ്യമായ കാര്യങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നു, കൃത്യതയോടെ രേഖപ്പെടുത്തുന്നു, ചിത്രങ്ങൾ വരയ്ക്കുന്നു, ഭംഗിയാക്കുന്നു. | September | ഗണിതാധ്യാപകർ | 200/- |

**പ്രവർത്തനം : 3**

**പേര് : സ്കൂൾ ബാങ്കിംഗ്**

**ഉപമേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപാഠ ക്ലാസ്സിലൂടെ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, ബാങ്കിംഗ് അനുഭവം ലഭ്യമാക്കുക, പലിശ, മുതൽ, കാലം, നിരക്ക് ഇവ തമ്മിലുള്ള ബന്ധം മനസ്സിലാക്കുക. സമൂഹനന്മക്കായി ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. | സ്കൂളിൽ ഒരു ബാങ്ക്, കാഷ് കൗണ്ടർ സജ്ജമാക്കുക. മാനേജർ, കാഷ്യർ, പ്യൂൺ ഇവരെല്ലാം കുട്ടികൾ. 1.30 മുതൽ 2.00 വരെ ബാങ്കിംഗ് സമയം. കുട്ടികൾക്ക് അവരുടെ സമ്പാദ്യം ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള അവസരം കൊടുക്കുന്നു. നിക്ഷേ പങ്ങൾക്ക് നിശ്ചിത ശതമാനം വാർഷിക പലിശ. നിക്ഷേപത്തിൽ നിന്നും നിശ്ചിത ശതമാനം തുക നിർധനരായവർക്കും അശരണർക്കും നൽകുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുക. PTA യുടെ സഹായത്തോടെ അർഹരായവർക്ക് തുക നൽകുക. എല്ലാ പ്രവർത്തനങ്ങളും അധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾ തനിയെ ചെയ്യുക. | July - February | SRG PTA | |

**പ്രവർത്തനം : 4**

**പേര് : പച്ചക്കറി കൃഷിയിലൂടെ ഗണിത പഠനം**

**ഉപമേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാരത്തിന്റെ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കുക, കൃഷിയോട് ആഭിമുഖ്യമുണ്ടാക്കുക, ഗണിത പരിസരപഠന നേട്ടങ്ങൾ ഉറപ്പുവരുത്തുക, ഭാരം അളക്കുക. | വിവിധ തരത്തിലുള്ള പച്ചക്കറികൾ സ്കൂളിൽ നട്ടു പിടിപ്പിക്കുക, കൃഷിയുടെ വ്യത്യസ്ത ഘട്ടങ്ങൾ മനസ്സിലാക്കുകയും പരിപാലിക്കുകയും ചെയ്യുക, ത്രാസ്സ് ഉപയോഗിച്ച് പച്ചക്കറികളുടെ ഭാരം കുട്ടികൾ കണ്ടുപിടിക്കുക, യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടുപിടിക്കുക. | August - March | കാർഷിക ക്ലബ്ബ് | 2000/- |

## പ്രവർത്തനം : 5

## പേര് : ഒറിഗാമി ശില്പശാല/ ടാൻഗ്രാം

## ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതശാസ്ത്ര പഠനം രസകരവും പ്രവർത്തനാധിഷ്ഠിതവുമാക്കുക | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കൽ, അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ<br>ടാൻഗ്രാം, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം | ആഴ്ചയിലൊരിക്കൽ<br>വർഷത്തിലൊരിക്കൽ | ഗണിതാധ്യാപകർ<br>ഗണിത ക്ലബ്ബ് | SRG |

## പ്രവർത്തനം : 6

## പേര്: ബാല ; ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ പരിചിതമാകുക ഗണിതാന്തരീക്ഷം സ്കൂളിൽ സൃഷ്ടിക്കുക | സ്കൂളിന്റെ ഭിത്തികൾ, ക്ലാസ്സ്മുറികൾ,തറ തുടങ്ങി സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം ഗണിത രൂപങ്ങൾ, ഗണിതാശയങ്ങൾ, സംഖ്യകൾ ഇവ ആലേഖനം ചെയ്യുക. | | PTA<br>SRG | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

## പ്രവർത്തനം : 7

## പേര് : ഗണിതകേളികൾ/കുസൃതിക്കണക്കുകൾ

## ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിച്ച ഗണിതാശയങ്ങൾ ഉറപ്പിക്കൽ | പാമ്പും കോണിയും, ഡൈസ് കളി, ഡൊമിനോ കളി തുടങ്ങിയവയ്ക്കാവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കുന്നു. വിശ്രമവേളകൾ ഗണിതകേളികൾക്കായി പ്രയോജനപ്പെടുത്തുന്നു.കുട്ടികൾക്കായി ഗണിതം മധുരതരമാക്കുന്നതിന് കുസൃതിക്കണക്കുകൾ, പസിലുകൾ, മനക്കണക്കുശൾ ഇവ പരിശീലിപ്പിക്കുന്നു. | ആവശ്യമുള്ളസന്ദർഭങ്ങളിലെല്ലാം | ഗണിതാധ്യാപകർ | SRG |

**പ്രവർത്തനം : 1**

**പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും തൽവസ്തുക്കളും Physics, Chemistry, Biology എന്നിങ്ങനെ തരംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിലൊരിക്കൽ | Science Club | |

**പ്രവർത്തനം : 2**

**പേര്: ശാസ്ത്രാഭിമുഖ്യം വളർത്തൽ**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടൽ | ശാസ്ത്രകൗതുകങ്ങളും ശാസ്ത്ര വാർത്തകളും ശേഖരിക്കുന്നു. ശാസ്ത്രം ഇന്ത്യയുടെ നേട്ടങ്ങൾ, ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജന നന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ Planetarium, V.S.S.C. പഠനയാത്ര, നക്ഷത്ര നിരീക്ഷണം, വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കൽ. | പ്രതിമാസ പരിപാടി | Science Club | SSG |

**പ്രവർത്തനം : 3**

**പേര് : ശാസ്ത്രം നിത്യ ജീവിതത്തിൽ**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിച്ച ശാസ്ത്രാശയങ്ങൾ നിത്യ ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നു. | വ്യക്തി ശുചിത്വം,പരിസര ശുചിത്വം, ജല സംരക്ഷണം, ശുദ്ധജലത്തിന്റെ അളവുപയോഗം ഇവ മനസ്സിലാക്കി പ്രവർത്തിക്കുക. പൈപ്പ് കമ്പോസ്റ്റ്. മാലിന്യങ്ങൾ സംസ്കരണം, പാചക വാതകമാക്കൽ, ജൈവ കമ്പോസ്റ്റ് ഇവയുടെ നിർമ്മാണം. ഗോബർ ഗ്യാസ് പ്ലാന്റ് സന്ദർശനം, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക, ഊർജ്ജസംരക്ഷണം എങ്ങിനെ? (ലാഭപ്രഭ). ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുക.ലഹരി ഉപയോഗം ആപത്ത് എന്ന ബോധം വളർത്തണം. (പോസ്റ്റർ നിർമ്മാണം).ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തൽ. മായത്തിനെതിരെ പ്രതികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ാസ്ത്രജ്ഞൻമാരുടെ കണ്ടുപിടുത്തങ്ങൾ നിത്യ ജീവിതത്തിൽ വരുത്തണസ മാറ്റം മനസ്സിലാക്കുന്നു. | 6 മാസം<br><br>1 വർഷം | പഞ്ചായത്ത്, പ്രാദേശിക സമിതികൾ<br><br>KSEB<br><br>പ്രാഥമികാരോഗ്യ കേന്ദ്രം, Science Club | തദ്ദേശ സ്വരംഭരണ സ്ഥാപനങ്ങൾ<br><br>1000 |

## പ്രവർത്തനം : 4

## പേര് : ശാസ്ത്രം കൃഷിയിൽ

## മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയിൽ ആഭിമുഖ്യം വളർത്തുക | കൃഷിയിൽ താൽപ്പര്യമുള്ള കുട്ടികളെ ചേർത്ത് കാർഷിക ക്ലബ്ബ് രൂപീകരിക്കുക. സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനി, ജീവാമൃതം ഇവയുടെ നിർമ്മാണവും ഉപയോഗവും ശീലിപ്പിക്കുന്നു. Budding, Grafting, Layering ഇവ ശീലിപ്പിക്കുന്നു. നഴ്സറി സന്ദർശിക്കുന്നു. Pisci culture, Aquaponics ഇവ കാണാൻ അവസരം. കൃഷി ചൊല്ലുകൾ ശേഖരിക്കുന്നു. ഞാറ്റുവേലയുടെ പ്രാധാന്യം ഇവ അറിയുന്നു. ചക്ക, കപ്പങ്ങ ഇവയുടെ മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കാൻ ശീലിപ്പിക്കുന്നു. വിഷരഹിത പച്ചക്കറി, നാടൻ പച്ചക്കറി ഇവയുടെ പ്രാധാന്യം. | 1 വർഷം<br>2 മാസം<br>1 വർഷം | Science Club<br>Science Teachers | PTA<br>PTA |

## പ്രവർത്തനം : 5

## പേര്: പ്ലാസ്റ്റിക്കിന്റെ ഭവിഷ്യത്ത്

## മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക്ക് എന്ന വില്ലനെ എങ്ങിനെ ഒഴിവാക്കാം എന്ന് മനസ്സിലാക്കുക. | പ്ലാസ്റ്റിക്കിന്റെ ഉപയോഗം എങ്ങനെയെല്ലാം മനുഷ്യനെ ദോഷകരമായി ബാധിക്കുന്നു. പ്ലാസ്റ്റിക്ക് ക്യാരി ബാഗിനു പകരം തുണി സഞ്ചി ഉപയോഗിക്കാൻ ശീലിപ്പിക്കുന്നു. പ്ലാസ്റ്റിക്ക് കത്തിക്കരുത് ബോധവൽക്കരണം. പ്ലാസ്റ്റിക്ക് മാലിന്യത്തിൽ നിന്ന് പഠനോപകരണത്തിലേക്ക്: പാവ, പൂക്കൾ, പാവയുടെ നാടകാവിഷ്കാരം, Puppet Library. Waste bottle ഉപയോഗിച്ച് Hanging garden നിർമ്മാണം. ആഗോളതാപനത്തിന് കാരണമായ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം. | 1 വർഷം | Science Club | |

**പ്രവർത്തനം : 6**

**പേര് : കുട്ടി ശാസ്ത്രജ്ഞർ പുരസ്കാരം/ പ്രതിഭാ പോഷണം.**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ. | അവധി ദിനങ്ങൾ | SRG<br>SSG | 5000/-<br>(Cash Award)<br>(Sponsorship) |

**പ്രവർത്തനം : 7**

**പേര് : ശാസ്ത്ര യാത്രകൾ.**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | Planetorium, V.S.S.C.ഇവ സന്ദർശിക്കാനുള്ള അവസരം. ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ നാട്ടിലുള്ള പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുന്നു. പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുക. | വർഷത്തിൽ 3 തവണ | Science Club<br>PTA | 15000/- |

**പ്രവർത്തനം : 8**

**പേര് : പ്രകൃതി സംരക്ഷണം**

**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക | മണ്ണ്, വായു, ജലം ഇവ മലിനമാകാതെ എങ്ങനെ സംരക്ഷിക്കാം പ്രകൃതിക്കു നാശം വരുത്തുന്ന പ്രവർത്തനങ്ങൾക്ക് എതിരെ പ്രതികരിക്കുവാനും മററുള്ളവരെ ബോധവൽക്കരിക്കുവാനും പ്രാപ്തരാക്കുക. സെമിനാർ , നോട്ടീസ്, മീറ്റിംഗുകൾ ഇവ നടത്തുക. | 1 വർഷം | PTA<br>SSG | 1000/- |

**പ്രവർത്തനം : 1**

**പേര് : സാമൂഹ്യപാഠം**

**മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യപാഠം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്രപഠനം കൂടുതൽ മികവുറ്റതും ആകർഷണീയവുമാക്കുക. | കുട്ടികളെ സാമൂഹ്യശാസ്ത്രത്തിലേക്ക് കൂടുതൽ ആകൃഷ്ടരാക്കുന്നതിന് വേണ്ടപ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ നടത്തുന്നു. | ഒരു അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സാമൂഹ്യശാസ്ത്രത്തെകൂടുതൽ ശാസ്ത്രീയമാക്കുന്നതിനു വേണ്ടി പാഠപുസ്തകങ്ങൾക്കു പുറമേ മറ്റ് പഠനസാമഗ്രികളും ഉപയോഗപ്പെടുത്തുന്നു. | വർഷത്തിൽ പല തവണ മറ്റു പഠനസാമഗ്രികൾ ഉപയോഗപ്പെടുത്തുന്നു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| ശേഖരണങ്ങൾ | സ്റ്റാമ്പ്, നാണയങ്ങൾ എന്നിവ ശേഖരിക്കുന്നു. പഴയകാല നാണയങ്ങളെക്കുറിച്ച്മനസ്സിലാക്കുന്നിനുവേണ്ടി നാണയപ്രദർശനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലേക്ക് യാത്രകൾ സംഘടിപ്പിക്കുന്നു. | അവസരങ്ങൾ കിട്ടുന്നതനുസരിച്ച് ഉപയോഗപ്പെടുത്തുന്നു | | PTA |

**പ്രവർത്തനം : 2**

**മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യപാഠം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി ദിനാചരണം | ജൂൺ 5 ന് പരിസ്ഥിതി ദിനം ആചരിക്കുന്നു. പരിസ്ഥിതി ദിന പ്രതിജ്ഞ എടുക്കുന്നു. വൃക്ഷത്തൈ നടുന്നു. നക്ഷത്രവനം നിർമ്മിക്കുന്നതിന് തുടക്കം കുറിക്കുന്നു. ഒരു കുട്ടിക്ക് ഒരു വൃക്ഷം എന്ന രീതിയിൽ വൃക്ഷത്തൈ നടുന്നു.ഓരോ കുട്ടിയും നട്ട വൃക്ഷത്തെ സ്വന്തം എന്ന നിലയിൽ പരിപാലിക്കുന്നതിന് പ്രോത്സാഹി പ്പിക്കുന്നു. ഒരാഴ്ചക്കാലം പരിസ്ഥിതി ദിനാചരണത്തിന്റെ പിൻതുടർച്ച നടത്തുന്നു. കുട്ടികളെ എല്ലാവരേയും പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. | ജൂൺ 5 മുതൽ ഒരാഴ്ചക്കാലം | PTA<br>SRG | |
| ദിനാചരണങ്ങളെ ക്കുറിച്ച് അവബോധം ഉണ്ടാക്കൽ | ചരിത്ര പ്രാധാന്യമുള്ള ദിവസങ്ങൾ ആചരിക്കുന്നു. ദിനാചരണങ്ങൾ നടത്തുന്നു. സ്കൂൾ അസ്സംബ്ലിയിൽ ദിനാചരണങ്ങളിൽ പ്രതിജ്ഞയെടുക്കുന്നു.അവയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. | ചരിത്ര പ്രാധാന്യ മുള്ള ദിവസങ്ങൾ | School leader<br>Social Science Club | |

| | | | | |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നു. | നാണയപ്രദർശനങ്ങൾ, പഴയ ഉപകരണങ്ങൾ എന്നിവയുടെ പ്രദർശനങ്ങൾ നടത്തുന്നു. Social Science Quiz നടത്തുന്നു. | | Social Science Club Social Science Teacher | |
| നവോത്ഥാനകാല ഘട്ടത്തെക്കുറിച്ചുള്ള അറിവു നേടൽ | നവോത്ഥാനം ഏതൊക്കെ മേഖലകളിൽ ഉണ്ടായി എന്നും മനസ്സിലാക്കുന്നു. നവോത്ഥാനകാലഘട്ടത്തിലെ ശാസ്ത്രജ്ഞൻമാരുടെയും ചിത്രകാരൻമാരുടെയും ചിത്രങ്ങൾ ശേഖരിച്ച് കുറിപ്പുകളോടെ ആൽബം തയാറാക്കി ക്ലാസ്സിൽ സൂക്ഷിക്കുന്നു. Social Science Club ന്റെ ആഭിമുഖ്യത്തിൽ പ്രദർശനം നടത്തുന്നു. | | Social Science Club | |
| പഠനയാത്രകൾ നടത്തുന്നു. | ചരിത്ര പ്രാധാന്യമുള്ളസ്ഥലങ്ങൾ കാണുന്നതിനും അവയെക്കുറിച്ചു മനസ്സിലാക്കുന്നതിനും പഠനയാത്രകൾ നടത്തുന്നു. ഭിന്നശേഷിക്കാർക്ക് ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. | വർഷത്തിൽ 2 തവണ | Social Science Club PTA | |
| സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ | സ്വതന്ത്രഭാരതത്തെയും സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഭാരതത്തെയും പറ്റി അറിവു നൽകുന്നു. സ്വാതന്ത്ര്യസമര സേനാനികളെയും സാമൂഹിക പരിഷ്കർത്താക്കളേയും പരിചയപ്പെടുത്തുന്നു. അവരുടെ ചിത്രങ്ങൾ ശേഖരിച്ച് പതിപ്പുകൾ തയാറാക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള ICT ഉപയോഗപ്പെടുത്തുന്നു. | | Social Science Teacher Class Teacher | |
| സ്വാതന്ത്ര്യാനന്തര ഭാരതത്തെക്കുറിച്ചറിയൽ | ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളിൽ അനുഭവങ്ങൾ പങ്കുവയ്ക്കൽ. ചരിത്ര പ്രാധാന്യമുള്ള ഏതെങ്കിലും ഒരു കോട്ട സന്ദർശിച്ച് അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. | | | |
| രാജ്യം നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങൾ | യുദ്ധത്തിന്റെ ഭീകരത ബോധ്യപ്പെടുത്തുന്നതിനായി ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | | | |